**കണ്ണൂർ സർവ്വകലാശാല**

**(സംഗ്രഹം)**

കോവിഡ് 19 ന്റെ വ്യാപനം തടയുന്നതിനായി കണ്ണൂർ സർവകലാശാലയുടെ പരീക്ഷാ കേന്ദ്രങ്ങളിൽ കർശനമായി പാലിക്കേണ്ട നിർദ്ദേശങ്ങൾ പുറപ്പെടുവിച്ചുകൊണ്ടുള്ള ഉത്തരവ്

EG I

EG I/EG I - II/9360/2020 Kannur,തീയതി: 04.06.2020

പരാമർശം:-03.06.2020 ലെ ബഹു. വൈസ് ചാൻസിലറുടെ ഉത്തരവ്

**ഉത്തരവ്**

കോവിഡ് 19 ന്റെ വ്യാപനം തടയുന്നതിനായി കണ്ണൂർ സർവകലാശാലയുടെ എല്ലാ പരീക്ഷാ കേന്ദ്രങ്ങളിലും സർക്കാരിന്റെയും ആരോഗ്യവകുപ്പിൻറെയും എല്ലാ നിർദേശങ്ങളും സുരക്ഷാമാനദണ്ഡങ്ങളും പാലിച്ച്കൊണ്ടാണ് പരീക്ഷ നടത്തേണ്ടത്

ഈ സാഹചര്യത്തിൽ പരീക്ഷാകേന്ദ്രങ്ങൾ കർശനമായി പാലിക്കേണ്ട നിർദ്ദേശങ്ങൾ അംഗീകരിച്ച് ബഹു. വൈസ് ചാൻസിലർ ഉത്തരവായിരിക്കുന്നു :

1. കോവിഡ് 19 ന്റെ വ്യാപനം തടയുന്നതിന് സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള എല്ലാ മാനദണ്ഡങ്ങളും സുരക്ഷാ ക്രമീകരണങ്ങളും സർവകലാശാല പരീക്ഷാ നടത്തിപ്പിനും ബാധകമാണ്.
2. ലോക്ഡൌൺ മൂലം മാർച്ച് മാസം മുതൽ അടഞ്ഞുകിടക്കുന്ന ക്ലാസ്സുറികൾ പരീക്ഷാതീയതിക്ക് മുൻപ് തന്നെ അണുവിമുക്തമാക്കേണ്ടതാണ്.
3. ഫയർഫോഴ്സിന്റെ സേവനത്തിലൂടെ അണുവിമുക്ത പ്രവർത്തനങ്ങൾ കാര്യക്ഷമമായി നടത്തുന്നതിന് അതത് തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ സഹകരണം പ്രിൻസിപ്പാൾ/ക്യാംപസ് ഡയറക്ടർമാർ ഉറപ്പുവരുത്തേണ്ടതാണ്.
4. ആവശ്യമെങ്കിൽ, പരീക്ഷാതീയതി, സമയം, പരീക്ഷാർഥികളുടെ എണ്ണം എന്നിവ പരീക്ഷാകേന്ദ്രം സ്ഥിതി ചെയ്യുന്ന സ്ഥലത്തെ പോലീസ് സ്റ്റേഷനിലും ആരോഗ്യവകുപ്പിലും അറിയിക്കുകയും അവരുടെ സേവനം പ്രിൻസിപ്പാൾ/ക്യാംപസ് ഡയറക്ടർമാർ ഉറപ്പുവരുത്തേണ്ടതുമാണ്.
5. ഹോസ്റ്റലുകളിൽ താമസിക്കുന്ന വിദ്യാർഥികൾക്ക് സർക്കാർ മാനദണ്ഡങ്ങളും സുരക്ഷാ ക്രമീകരണങ്ങളും പാലിച്ചുകൊണ്ട് പരീക്ഷാദിവസങ്ങളിൽ താമസസൌകര്യം ഒരുക്കുകയും അതിനുമുന്നോടിയായി ഹോസ്റ്റലുകൾ അണുവിമുക്തമാക്കേണ്ടതും പ്രിൻസിപ്പാൾ/ക്യാംപസ് ഡയറക്ടർമാരുടെ ചുമതലയാണ്.
6. ഹോസ്റ്റലുകളിൽ താമസിക്കുന്ന പരീക്ഷാർഥികൾ സുരക്ഷാമാനദണ്ഡങ്ങൾ പാലിക്കുന്നുണ്ട് എന്ന് ഹോസ്റ്റൽ വാർഡൻ/വാർഡൻ ഇൻ ചാർജ് ഉറപ്പുവരുത്തേണ്ടതാണ്.
7. പരീക്ഷാകേന്ദ്രത്തിലേക്ക് ഒരു പ്രവേശനകവാടം മാത്രമേ അനുവദിക്കാൻ പാടുള്ളൂ.
8. പരീക്ഷാകേന്ദ്രത്തിന്റെ പ്രവേശനകവാടത്തിൽ സോപ്പും വെള്ളവും പ്രിൻസിപ്പാൾ/ക്യാംപസ് ഡയറക്ടർ ഉറപ്പാക്കേണ്ടതാണ്.
9. പരീക്ഷാർഥികൾ, സ്ക്രൈബ്, പരീക്ഷാനടത്തിപ്പ് ചുമതലയുള്ള അധ്യാപകർ, അനധ്യാപകർ, പരീക്ഷാ സ്ക്വാഡ് അംഗങ്ങൾ, ബന്ധപ്പെട്ട ഉദ്യോഗസ്ഥർ എന്നിവർ അല്ലാതെ മറ്റാരെയും പരീക്ഷാകേന്ദ്രങ്ങളിൽ പ്രവേശിപ്പിക്കാൻ പാടുള്ളതല്ല.
10. പരീക്ഷാകേന്ദ്രത്തിലേക്ക് പ്രവേശനമുള്ള എല്ലാവരും നിർബന്ധമായും മാസ്ക് ധരിക്കേണ്ടതാണ്.
11. പരീക്ഷ തുടങ്ങുന്നതിന് ഒരു മണിക്കൂർ മുൻപ് മാത്രമേ പരീക്ഷാകേന്ദ്രങ്ങളിലേക്ക് പ്രവേശനം അനുവദിക്കാവൂ. പരീക്ഷ തുടങ്ങി അര മണിക്കൂർ കഴിഞ്ഞ് വരുന്ന വിദ്യാർഥികളെ ഒരു കാരണവശാലും പരീക്ഷാകേന്ദ്രത്തിൽ പ്രവേശിക്കാനോ പരീക്ഷ എഴുതാനോ അനുവദിക്കാൻ പാടില്ല.
12. വിദ്യാർഥികൾ നിർബന്ധമായും പ്രവേശന കവാടത്തിൽ ഹാൾടിക്കറ്റും സ്ക്രൈബിനെ അനുവദിച്ചുകൊണ്ടുള്ള സർവകലാശാല ഉത്തരവും കാണിച്ച് ബോധ്യപ്പെടുത്തേണ്ടതാണ്.
13. അനന്തര നടപടികൾക്കായി പരീക്ഷാകേന്ദ്രത്തിൽ പ്രവേശിക്കുന്ന എല്ലാവരുടെയും ശരീരോഷ്മാവ് തെർമൽ സ്കാനർ ഉപയോഗിച്ച് പ്രവേശനകവാടത്തിൽ വച്ചുതന്നെ അളക്കേണ്ടതാണ്.
14. പ്രവേശനകവാടത്തിൽ കൂട്ടം കൂടലോ തിരക്കോ ഉണ്ടാകാതെ സാമൂഹിക അകലം പാലിച്ച നിൽക്കുന്നതിന്

വേണ്ട സൗകര്യങ്ങൾ കാലാവസ്ഥ കൂടെ പരിഗണിച്ച് പ്രിൻസിപ്പാൾ/ക്യാംപസ് ഡയറക്ടർ ഒരുക്കേണ്ടതാണ്.

15. പരീക്ഷാകേന്ദ്ര പരിസരത്ത് കൂട്ടം കൂടി നിൽക്കാനോ ചുറ്റിത്തിരിയാനോ വിദ്യാർഥികളെ ഒരു കാരണവശാലും അനുവദിക്കരുത്. പരീക്ഷാകേന്ദ്രത്തിനകത്ത് സാമൂഹിക അകലം പാലിക്കേണ്ടതാണ്.
16. ഹോട്ട്സ്പോട്ടുകൾ/കണ്ടെയ്ൻമെന്റ് സോണുകൾ എന്നിവിടങ്ങളിൽ നിന്നു വരുന്ന വിദ്യാർഥികൾക്കും ക്വാറന്റൈനിലുള്ള വിദ്യാർഥികൾക്കും പരീക്ഷയെഴുതുവാൻ പ്രത്യേക മുറി അനുവദിക്കണം.
17. പരീക്ഷാ മുറികളിലെല്ലാം സാനിറ്റൈസർ ഉണ്ടെന്ന് ചീഫ് സൂപ്രണ്ട്/പ്രിൻസിപ്പാൾ/പഠനവകുപ്പ് മേധാവി ഉറപ്പുവരുത്തേണ്ടതാണ്. എല്ലാ വിദ്യാർഥികളും ഇൻവിജിലേറ്ററും ചോദ്യ/ഉത്തരക്കടലാസ് വിതരണത്തിനു മുൻപായി കൈകൾ സാനിറ്റൈസർ ഉപയോഗിച്ച് നിർബന്ധമായും വൃത്തിയാക്കേണ്ടതാണ്.
18. പരീക്ഷാ ഹാളിൽ വിദ്യാർഥികൾ തമ്മിൽ സർക്കാർ നിർദ്ദേശാനുസരണമുള്ള സാമൂഹിക അകലം പാലിക്കേണ്ടതാണ്.
19. പരീക്ഷാഹാളിനുള്ളിൽ പേന, പെൻസിൽ, അനുവദിനീയമായ മറ്റു പരീക്ഷാ സഹായ ഉപകരണങ്ങൾ ഒന്നും തന്നെ കൈമാറ്റം ചെയ്യാൻ പാടുള്ളതല്ല.
20. പരീക്ഷാകേന്ദ്രത്തിന്റെ മുൻപിലോ പരിസരത്തോ രക്ഷകർത്താക്കളെ തങ്ങാൻ അനുവദിക്കരുത്.
21. ഇൻവിജിലേറ്റേഴ്സ് നിർബന്ധമായും മാസ്കും ഗ്ലൌസും ധരിക്കേണ്ടതാണ്.
22. പരീക്ഷ കഴിഞ്ഞ് എത്രയും പെട്ടന്ന് പരീക്ഷാർഥികൾ പരീക്ഷാഹാളും പരീക്ഷാകേന്ദ്രവും വിട്ടുപോകേണ്ടതാണ്.
23. ചോദ്യക്കടലാസുകൾ പരീക്ഷാഹാളിന് പുറത്തേക്കെടുക്കുവാൻ പരീക്ഷാർഥികളെ അനുവദിക്കാൻ പാടില്ല. പരീക്ഷാചുമതലയുള്ള അധ്യാപകർ ഇക്കാര്യം ശ്രദ്ധിക്കേണ്ടതാണ്. ഇത്തരത്തിൽ പരീക്ഷാർഥികൾ ഉപേക്ഷിച്ച ചോദ്യപ്പേപ്പറുകൾ പരീക്ഷാകേന്ദ്രത്തിൽ തന്നെ നിർമാർജ്ജനം ചെയ്യേണ്ടതാണ്.
24. ഓരോ ദിവസത്തെയും പരീക്ഷകൾ കഴിയുമ്പോൾ പരീക്ഷ നടന്ന ക്ലാസ്സുറികൾ അണുവിമുക്തമാക്കേണ്ടത് പ്രിൻസിപ്പാൾ/ക്യാംപസ് ഡയറക്ടർമാരുടെ ചുമതലയാണ്.
25. സർവകലാശാല ഉത്തരവ് പ്രകാരം സ്ക്രൈബ് അനുവദിച്ചിട്ടുള്ള വിദ്യാർഥികൾക്ക് സ്ക്രൈബിനെ ഉപയോഗപ്പെടുത്താവുന്നതാണ്. സ്ക്രൈബിന്റെ വിവരങ്ങൾ കോളേജുകൾ/പഠനവകുപ്പുകൾ സർവകലാശാലയിൽ സമർപ്പിക്കേണ്ടതാണ്.

*ഒപ്പ്/-*
Dr. Vincent P J
**പരീക്ഷാ കൺട്രോളർ**

സ്വീകർത്താവ്:അഫിലിയേറ്റഡ് കോളേജുകളിലെ പ്രിൻസിപ്പാൾമാർ
സർവകലാശാല ക്യാംപസ് ഡയറക്ടർമാർ
സർവകലാശാല പഠനവകുപ്പ് മേധാവികൾ
പരീക്ഷാ സ്ക്വാഡ് അംഗങ്ങൾ

പകർപ്പ്: പി. എസ്. റ്റു. വി. സി./ പി. എ. റ്റു. രജിസ്ട്രാർ/ പി. എ. റ്റു പി. വി. സി./ പി. എ. റ്റു സി. ഇ./ പി. എ. റ്റു എഫ്. ഓ./ പി. ആർ. ഓ.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ